## ചാരായ നിരോധനം കാരണം തൊഴിൽ നഷ്ടമായ തൊഴിലാളികളുടെ പുനഃരധിവാസം

86 [914] ശ്രീ. കെ. എം. മാണി:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനം ഏർപ്പെടുത്തിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനഃരധിവസിപ്പിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇവരുടെ പുനഃരധിവാസം പൂർണ്ണമായും നടപ്പിലാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽരഹിതരായ ചാരായ തൊഴിലാളികൾക്ക് ഇപ്പോൾ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികളെ കള്ളുഷാപ്പിൽ നിയമിക്കുന്നതിനായി 2002-ലെ മദ്യഷാപ്പ് വിൽപ്പന ചട്ടത്തിൽ 4 (2) 9 (എ)(ബി) ചട്ടങ്ങൾ കൂട്ടിച്ചേർത്ത് ഓരോ കള്ള്ഷാപ്പിലും ഓരോ ചാരായ തൊഴിലാളികളെ ജില്ലാതല റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തയ്യാറാക്കിയ മുൻഗണനാ ക്രമലിസ്റ്റ് പ്രകാരം നിയമിച്ച് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 24-3-2006-ലെ 10703, 10704/05-ാം നമ്പർ പ്രത്യേകാനുമതി ഹർജിയിലെ വിധി ന്യായമനുസരിച്ച് ടി വ്യവസ്ഥകൾ അസാധുവാക്കിയിരിക്കുകയാണ്. സംസ്ഥാനത്ത് ചാരായഷോപ്പുകൾ നിർത്തലാക്കിയ വർഷത്തിൽ ഷോപ്പുകളിൽ ജോലിചെയ്തിരുന്ന തൊഴിലാളികൾക്ക് അബ്കാരി വെൽഫെയർ ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെടുകയും തുടർന്ന് മരണപ്പെടുകയും ചെയ്ത അംഗീകൃത അബ്കാരി തൊഴിലാളികളുടെ അനന്തരാവകാശികളായ 51 പേർക്ക്, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള വിദേശമദ്യ ഷോപ്പുകളിൽ ദിവസകൂലി അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) ചാരായ ഷോപ്പുകൾ അടച്ചുപൂട്ടിയതുമൂലം പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ പുനഃരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഒന്നും നടന്നിട്ടില്ല. ഗവൺമെന്റ് കൊണ്ടുവന്ന നിയമഭേദഗതി സുപ്രീം കോടതി അസാധുവാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly